# കണ്ണൂർ സർവ്വകലാശാല

## (രജിസ്ട്രാറുടെ കാര്യാലയം)

**KU/RO/2021** **തീയ്യതി: 08.02.2021**

## <u>സർക്കുലർ</u>

വിഷയം: കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് കോവിഡ്-19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കോവിഡ് പ്രോട്ടോകോൾ പാലിക്കേണ്ടതിൻറെ ആവശ്യകത സംബന്ധിച്ച്

സർവ്വകലാശാല ആസ്ഥാനത്ത് കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ഉയർന്നു വരുന്നതായി ശ്രദ്ധയിൽ പെടുകയും അതോടൊപ്പം തന്നെ സർവ്വകലാശാല ആസ്ഥാനത്തെ ജീവനക്കാർക്ക് കോവിഡ് രോഗം സ്ഥിരീകരിക്കുകയും, അവരുമായി സമ്പർക്കം പുലർത്തിയ ജീവനക്കാർ നിരീക്ഷണത്തിൽ പോവുകയും ചെയ്യേണ്ട സ്ഥിതി ഉടലെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും എന്ന് ഓർമ്മപ്പെടുത്തുന്നതിനൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ബ്രാഞ്ച് മേധാവികളോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

1. സർവ്വകലാശാല പരിസരത്തും ഓഫീസുകൾ/സെക്ഷനുകളിലും എത്തുന്ന ജീവനക്കാർ/ വിദ്യാർഥികൾ/ പൊതുജനങ്ങൾ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ്.

2. സാനിറ്റൈസർ/ സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈകൾ വൃത്തിയാക്കേണ്ടതാണ്.

3. സെക്ഷൻ/ഓഫീസുകളിൽ സാമൂഹ്യ അകലം പാലിച്ചു കൊണ്ടുള്ള സീറ്റിങ്ങ് ക്രമീകരണം ഉറപ്പ് വരുത്തേണ്ടതാണ്.

4. ഒഴിവു സമയങ്ങളിൽ ജീവനക്കാർ ഒത്തുചേരുന്നതും കൂട്ടം കൂടി നിൽക്കുന്നതും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

5. ജീവനക്കാർ അത്യാവശ്യ കാര്യങ്ങൾക്കൊഴികെ മറ്റു സെക്ഷനുകൾ സന്ദർശിക്കേണ്ടതില്ല.

6. പൊതുജനങ്ങൾ, വിദ്യാർഥികൾ എന്നിവരിൽ നിന്നും തപാൽ/ അപേക്ഷകൾ നേരിട്ട്

കൈപ്പറ്റുന്നതിന് പകരം അവ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ബ്രാഞ്ച് മേധാവികൾക്ക് ഉചിതമായ മറ്റു മാർഗ്ഗങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

7. സർവ്വകലാശാല ആസ്ഥാന മന്ദിരത്തിൽ പ്രവേശിക്കുന്നവരുടെ വിവരങ്ങൾ കോവിഡ് ജാഗ്രതാ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

8. സമയാസമയങ്ങളിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നു എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്/-
രജിസ്ട്രാർ (i/c)

പകർപ്പ് : PS to VC, PA to FO/CE,

Director RD/SDE/UGC HRDC, DSS,

DO, DR PLD, Deputy Librarian

AR PF/ AD, Security Officer